എമ്മാവൂസ്

# വചനദൂത്




ബ്ര. സ്റ്റെബിൻ വിതയത്തിൽ

രണ്ടായിരത്തിയൊന്ന് ജൂൺ ഇരുപത്തിയേഴാം തീയതി മനോരമ പത്രത്തിൽ വന്ന ഒരു വാർത്ത മാനസാന്തരം ആഗ്രഹിക്കുന്ന, ആവശ്യമുള്ള ഏവർക്കും മാതൃകയാക്കാവുന്നതാണ്. മാനസാന്തരത്തിന്റെയും പ്രാശ്ചിത്തത്തിന്റെയും കഥയാണ് ലാലുവെന്ന വ്യക്തിയുടെ ജീവിതം വഴി ആ വാർത്തയിൽ നിറഞ്ഞുനിന്നത്. തന്റെ പാപങ്ങൾക്ക് സ്വന്തം ജീവിതം കൊണ്ട് പ്രായശ്ചിത്തവും പരിഹാരവും തേടി പുതുജീവിതത്തിനു വഴിതുറന്ന സംഭവമാണ് ലാലുവിവരിക്കുന്നത്. ബേപ്പൂരിൽ നടന്ന ആദ്യത്തെ രാഷ്ട്രീയ കൊലപാതകത്തിലേയും ആദ്യത്തെ വർഗ്ഗീയ കൊലപാതകത്തിലെയും ഒന്നാം പ്രതിയായിരുന്നു ഇദ്ദേഹം. പല കുറുക്കുവഴികളിലൂടെ ശിക്ഷയിൽ നിന്നും രക്ഷപ്പെട്ട് നടക്കുന്നതിനിടയിലാണ്, ജൂൺ 22-ാം തീയതി വെള്ളിയാഴ്ച അഞ്ചരയോടെ കടലുണ്ടി പുഴയിലെ ട്രെയിൻ ദുരന്തത്തെപ്പറ്റി കേൾക്കുന്നത്. ഉടനെതന്നെ അടുത്ത മുക്കുവക്കുടിലിൽ നിന്നും മുപ്പത്തഞ്ചോളം ആളുകളെക്കൂട്ടി സംഭവസ്ഥലത്തേക്ക് ഓടി. കനത്ത മഴയും ശക്തമായ ഒഴുക്കും മൂലം കടത്തുബോട്ടുമില്ലായിരുന്നു. എങ്കിലും അവിടെയെത്തി കൈമെയ്യ് മറന്ന് വിശ്രമമില്ലാതെ രക്ഷാപ്രവർത്തനങ്ങളിൽ മുഴുകുമ്പോൾ, ലാലു കടലുണ്ടി പുഴയിൽ കഴുകിക്കളയാൻ ശ്രമിച്ചത് തന്റെ പാപങ്ങളായിരുന്നു. ബോഗികൾക്കിടയിൽ, ജീവിതത്തിനും മരണത്തിനുമിടയിൽ തൂങ്ങിക്കിടന്നിരുന്ന നിരവധി മനുഷ്യരെ ജീവിതത്തിലേക്ക് കൈപിടിച്ചുയർത്തിയപ്പോൾ, കഴിഞ്ഞ കാല തെറ്റുകൾക്ക് പരിഹാരം ചെയ്യുകയായിരുന്നു ലാലു.

ദൈവം ഓരോ വ്യക്തിയുടെയും ജീവിതത്തിൽ ഇടപെടാൻ ഒരു സമയമുണ്ട്. അവൻ എത്ര

പാപിയാണെങ്കിലും അവന്റെ രക്ഷക്കുവേണ്ടി ഈശോ കാത്തിരിക്കുന്നു, അവസാന നിമിഷം വരെ. കുരിശിൻ ചുവട്ടിൽ വച്ചാണ് ലൊങ്കിനൂസ് മാനസാന്തരപ്പെടുന്നത്. ഈശോ മരിക്കുന്നതിനു മുമ്പും മരണസമയത്തും അതിനുശേഷവും ആത്മാക്കളുടെ രക്ഷ സാധ്യമാക്കി. ഇന്നത്തെ സുവിശേഷഭാഗം പറയുന്നത് യേശുവിന്റെ ദൗത്യം ആരംഭിക്കുന്നതിനെക്കുറിച്ചാണ്. ആദിമാതാപിതാക്കൾ മൂലം നഷ്ടപ്പെട്ടുപോയ പറുദീസ നമുക്കുവേണ്ടി വീണ്ടും നേടിത്തരുന്നതിനായിട്ടാണ് ഈശോ ഭൂമിയിൽ അവതരിച്ചത്. ഫിലി. 2:6-7 വാക്യങ്ങളിൽ വി. പൗലോസ് പറയുന്നു; "ദൈവത്തിന്റെ രൂപത്തിലായിരുന്നെങ്കിലും അവൻ ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട ഒരു കാര്യമായി പരിഗണിച്ചില്ല. തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യരുടെ സാദൃശ്യത്തിൽ ആയിത്തീർന്ന് ആകൃതിയിൽ മനുഷ്യനെപ്പോലെ കാണപ്പെട്ടു."

ദൈവികപദ്ധതിയുടെ പൂർത്തീകരണമെന്നോണം ഈശോ മിശിഹാ പരിശുദ്ധ കന്യകാമറിയത്തിൽ നിന്നും ശരീരം സ്വീകരിച്ച് മനുഷ്യനായി പിറന്നു. ഈജിപ്തിന്റെ അടിമത്തത്തിൽ നിന്നും മോചിതരായ ശേഷം ഇസ്രായേൽ ദൈവജനമായിത്തീർന്നു. ദൈവത്തിന്റെ സംരക്ഷണം എപ്പോഴും ആ ജനത്തിന്റെ മേലുണ്ടായിരുന്നു. പാപം ചെയ്തു ദൈവത്തിൽ നിന്നകന്നിട്ടും ദൈവം അവരെ കൈവിടുന്നില്ല. പുതിയ നിയമത്തിലേക്ക് വരുമ്പോൾ, തന്റെ ജനത്തിന് രക്ഷ നൽകാൻ ദൈവം മനുഷ്യനായി അവതരിക്കുന്നു. മത്തായി ശ്ലീഹാ പറഞ്ഞുവയ്ക്കുന്നതിങ്ങനെയാണ്, "അന്ധകാരത്തിൽ സ്ഥിതിചെയ്തിരുന്ന ജനങ്ങൾ വലിയ പ്രകാശം കണ്ടു" (മത്താ 4:16). ഈശോ ദൗത്യം ആരംഭിക്കുകയാണിവിടെ. നീണ്ട നാൽപ്പതുദിനത്തെ പ്രാർത്ഥനക്കും ഒരുക്കത്തിനും ശേഷമാണ് ഈശോ ദൗത്യം ആരംഭിക്കുന്നത്. ഈശോ പ്രസംഗിക്കാൻ തുടങ്ങി "മാനസാന്തരപ്പെടുവിൻ സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു." മാനസാന്തരമെന്നാൽ പാപമുപേക്ഷിച്ച് നന്മയിലേക്കും ദൈവ വഴിയിലേക്കുമുള്ള ചുവടുവയ്പാണ്. സ്വാർത്ഥതയിൽ നിന്ന് സാഹോദര്യത്തിലേക്കുള്ള ചുവടുവയ്പാണ്. ഭൗതീകമായവയിൽ നിന്നും ദൈവീകതയിലേക്കുള്ള നടന്നടുക്കലാണ്.

ചുരുക്കത്തിൽ മനുഷ്യൻ അവനായിരിക്കുന്ന അവസ്ഥയിൽ നിന്നും ആയിരിക്കേണ്ട അവസ്ഥയിലേക്ക് യാത്രായാകുന്നതാണ് മാനസാന്തരം. അത്, ഒരുവൻ തന്റെ ജീവിതത്തിലെ സ്വന്തം ഇഷ്ടാനിഷ്ടങ്ങളെ മാറ്റിവച്ച് ദൈവഹിതം നിറവേറ്റുന്നതിലാണ് അടങ്ങിയിരിക്കുന്നത്. നമ്മളെല്ലാവരും ഒരുതരത്തിൽ പറഞ്ഞാൽ ഇരുട്ടിൽ കഴിയുന്നവരാണ്. സുവിശേഷമനുസരിച്ചുള്ള ഈ ഇരുട്ട് ദൈവമില്ലാത്ത അവസ്ഥയുടെ സൂചനയാണ്. ഈ അവസ്ഥയിൽ എനിക്കൊരു സന്തോഷവും തോന്നില്ല. ഇത് പാപത്തിന്റെ അവസ്ഥയാണ്. ഇവിടെ സൗഹൃദങ്ങളില്ല, ബന്ധങ്ങളില്ല, എല്ലാത്തിൽ നിന്നും അകന്നു ജീവിക്കേണ്ടി വരുന്നു. ഈ ഇരുട്ട് രണ്ട് തരത്തിൽ മനുഷ്യനെ ബാധിക്കാം. ഒന്നാമതായി, ആന്തരികമായ ഇരുട്ട്. ഒരു വ്യക്തിയെ സംബന്ധിച്ച് ഏറ്റവും വലിയ ദുരന്തമാണിത്. തന്നെയും തന്നിലുള്ള ദൈവത്തെയും തിരിച്ചറിയാൻ പറ്റാത്ത അവസ്ഥ. തന്മൂലം സഹജീവികളെപ്പോലും ശത്രുക്കളായി കാണുന്നു. ഇന്നത്തെ സമൂഹത്തെ അവസ്ഥ തന്നെ ഉദാഹരണം. വർധിച്ചു വരുന്ന കൊലപാതകങ്ങൾ, ആത്മഹത്യകൾ, പീഡനങ്ങൾ. ഇവിടെയെല്ലാം ദൈവത്തെ അകറ്റി നിർത്തിക്കൊണ്ടുള്ള ജീവിതമാണ്. ഇവിടെയാണ് ഈശോ പറയുക; "മാനസാന്തരപ്പെടുവിൻ ദൈവരാജ്യം സമീപിച്ചിരിക്കുന്നുവെന്ന്."

മാനസാന്തരപ്പെടുക എന്നാൽ തിരിഞ്ഞു നടക്കൽ, പിൻതിരിയൽ എന്നൊക്കെ അർത്ഥമുണ്ട്. മാമോദീസായിലൂടെ നമുക്ക് ലഭിച്ച ദൈവികചൈതന്യത്തിലേക്ക് നാം തിരിച്ചുപോകണം. വി. മർക്കോസിന്റെ സുവിശേഷം 1:15 വാക്യം പറയുന്നു. "അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുക." ഈശോമിശിഹാ ലോകത്തിലേക്ക് വന്നത് ഒരു ദൈവീകപദ്ധതിയുടെ ഭാഗമായിട്ടാണെങ്കിൽ

അവന് വഴിയൊരുക്കാൻ സ്നാപകൻ വന്നതും ദൈവീകപദ്ധതിയിലൂടെയാണ്. സ്നാപകന്റെ വാക്കുകൾ അല്പം കൂടി മൂർച്ചയേറിയതാണ്. 'അണലിസന്തതികളേ അനുതപിക്കുക' എന്നു പറയുന്നതിലൂടെ ലഭിക്കാനിരിക്കുന്ന ദൈവികചൈതന്യം നഷ്ടപ്പെടുത്തരുതെന്നാണ് സ്നാപകൻ പറയുന്നത്. ഒരിക്കൽ നെപ്പോളിയൻ പറഞ്ഞു: "അലക്സാണ്ടറും സീസറും ചാർലിമെയിനും ഞാനും ശക്തികൊണ്ട് സാമ്രാജ്യങ്ങൾ കെട്ടിപ്പൊക്കി. എന്നാൽ യേശു ക്രിസ്തു സ്നേഹത്തിന്മേൽ തന്റെ രാജ്യം പണിതു. അതിനാൽ ഇന്ന് അനേകായിരങ്ങൾ അവിടുത്തെ അനുഗമിക്കുന്നു."

നാം ഇപ്പോൾ ആരാധനാക്രമത്തിലെ ഏലിയാ സ്ലീവാ മൂശാക്കാലത്തിലൂടെ കടന്നുപോകുകയാണ്. വി. കുരിശിലൂടെ ഈശോ നമുക്ക് രക്ഷ നേടിത്തന്നു. അപമാനത്തിന്റെയും നിന്ദയുടെയും പ്രതീകമായി പഴയ റോമാ സാമ്രാജ്യത്തിൽ നിലനിന്നിരുന്ന കുരിശ് യേശുവിന്റെ പുനരുത്ഥാനത്തിലൂടെ മഹത്വത്തിന്റെയും വിജയത്തിന്റെയും പ്രതീകമായിത്തീർന്നു. കുരിശിലൂടെ ഈശോ സ്ഥാപിച്ച മഹത്വത്തിന്റെ സന്ദേശം അവിടുത്തെ മുപ്പത്തിമൂന്ന് കൊല്ലം നീണ്ടുനിന്ന ഈ ഭൂമിയിലെ ജീവിതത്തിലാണ് കാണുവാൻ സാധിക്കുക. ഇന്നത്തെ ലോകം അടിച്ചുപൊളിയുടെ ലോകമാണ്. കഴിവതും സന്തോഷിക്കുക. നാളെയെന്നില്ല, ഇന്നിന്റെ സുഖവും സന്തോഷവും മാത്രം. അതിനുവേണ്ടി എന്തിനും തയ്യാറാകുന്ന അവസ്ഥ. മദ്യവും മയക്കുമരുന്നുമാണ് ഇന്നത്തെ യുവജനങ്ങളെ ബാധിച്ചിരിക്കുന്ന സുഖവും അസുഖവും. അവിടെ, കുടുംബപ്രാർത്ഥനയില്ല, ഞായറാഴ്ച കുർബാനയില്ല എന്തിന് കുടുംബം പോലുമില്ല. അവസാനം എവിടെയും സന്തോഷം കിട്ടാതെ ഒരു ദിവസം ആത്മഹത്യ ചെയ്യുന്നു. ഇന്ന് ആത്മഹത്യാ നിരക്ക് കൂടുന്നതല്ലാതെ കുറയുന്നില്ല. ദൈവം ദാനമായി തന്ന ജീവൻ വെറുതെയിട്ട് പന്താടുകയാണ്.

രണ്ടാമതായി, ബാഹ്യമായ ഇരുട്ടാണ്, ഇത് ജീവിതത്തിന്റെ എല്ലാ സാധ്യതകളെയും അടച്ചുകളയുന്നു. എല്ലാവരിലും തിന്മ മാത്രം കാണുന്ന അവസ്ഥ. എനിക്കു ചുറ്റുമുള്ളവരെല്ലാം എനിക്ക് ശത്രുക്കളെന്ന ചിന്തയാണ്. ആരെയും വിശ്വാസമില്ല. എപ്പോഴും അസംതൃപ്തിയും, നിരാശയും മാത്രം ജീവിതത്തിൽ. ഈ പ്രശ്നങ്ങളുടെയെല്ലാം അടിസ്ഥാന കാരണം ദൈവാനുഭവത്തിന്റെ കുറവാണ്. കുടുംബപ്രാർത്ഥനകൾ കുടുംബങ്ങളിൽ ചൊല്ലണം, കൂടെക്കൂടെ കൂദാശകൾ സ്വീകരിക്കണം, വി. കുർബാനയിൽ പങ്കുകൊള്ളണം. പ്രകാശമായ മിശിഹാ നമ്മുടെ ഉള്ളിലുണ്ടെങ്കിലേ തിന്മയുടെ ശക്തികളെ എതിർക്കാൻ നമുക്കു കഴിയൂ. ദൈവാനുഭവം കടന്നുവരുന്നതിന്റെ ഫലമായി, ജീവിതം നന്മ നിറഞ്ഞതാകുന്നു, സഹനങ്ങളിലും ആനന്ദം കണ്ടെത്താൻ കഴിയുന്നു. നല്ല ബന്ധങ്ങൾ ഉണ്ടാകുന്നു. അങ്ങനെ മാനസാന്തരപ്പെട്ട് ദൈവവഴിയിലേക്ക് നമുക്ക് തിരിച്ചു നടക്കാം. ◆

